**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3489** **15-02-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എത്ര ഇ.എസ്.ഐ. ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ നിലവിൽ ഇ.എസ്.ഐ ആശുപത്രികളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്കായി ജില്ലയിൽ 7 ഇ.എസ്.ഐ ഡിസ്പെൻസറികളും ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ ഒരു ഡിസ്പെൻസറി-കം-ബ്രാഞ്ച്-ഓഫീസും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 6 എംപാനൽഡ് ആശുപത്രികളും സെക്കൻഡറി കെയർ സർവ്വീസസിനായി 3 ആശുപത്രികളും ഉണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിൽ വിസ്തൃതിയ്ക്കും ജനസംഖ്യയ്ക്കും ആനുപാതികമായി ഇ.എസ്.ഐ. ആശുപത്രികളുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ നിലവിൽ വിസ്തൃതിയ്ക്കും ജനസംഖ്യയ്ക്കും ആനുപാതികമായി ഇ.എസ്.ഐ ആശുപത്രികളൊന്നും പ്രവർത്തിക്കുന്നില്ല. മലപ്പുറം ജില്ലയിലെ നിലവിലെ പരിരക്ഷിത വ്യക്തികളുടെ അംഗബലമായ 21,000 എന്ന കണക്ക് ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡ പ്രകാരം 100 കിടക്കകളുള്ള ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിന് പര്യാപ്തമല്ല. പരിരക്ഷിത വ്യക്തികളുടെ അംഗബലം ജില്ലയിൽ 50,000 കടക്കുമ്പോൾ മാത്രമേ ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ജില്ലയിൽ കൂടുതൽ ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മലപ്പുറം ജില്ലയിൽ നിലവിൽ വിസ്തൃതിയ്ക്കും ജനസംഖ്യയ്ക്കും ആനുപാതികമായി ഇ.എസ്.ഐ ആശുപത്രികളൊന്നും പ്രവർത്തിക്കുന്നില്ല. മലപ്പുറം ജില്ലയിലെ നിലവിലെ പരിരക്ഷിത വ്യക്തികളുടെ അംഗബലമായ 21,000 എന്ന കണക്ക് ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡ പ്രകാരം 100 കിടക്കകളുള്ള ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിന് പര്യാപ്തമല്ല. പരിരക്ഷിത വ്യക്തികളുടെ അംഗബലം ജില്ലയിൽ 50,000 കടക്കുമ്പോൾ മാത്രമേ ഇ.എസ്.ഐ ആശുപത്രി |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ